# തുഞ്ചത്തെഴുത്തച്ഛൻ

| പുസ്തകം 11 | 1961 ഏപ്രിൽ | ലക്കം 12 |
|---|---|---|


## പ്രാർത്ഥന

ശ്രീമൂലമായ പ്രകൃതീങ്കൽത്തുടങ്ങി ജന-
നാന്ത്യത്തോളം പരമഹാമായ തന്റെ ഗതി
ജന്മങ്ങളും പലകഴിഞ്ഞാലുമില്ലഗതി
കർമ്മത്തിനും പരമനാരായണായനമഃ

— * —

## ആചാര്യസൂക്തികൾ

### ആഗ്രഹങ്ങളെ നിഗ്രഹിക്കുക

അഗ്നിയെക്കണ്ടുമോഹിച്ച ശലഭങ്ങൾ
മഗ്നരായഗ്നിയിൽ വീണുമരിക്കുന്നു
മത്സ്യങ്ങളും രസത്തിങ്കൽ മോഹിച്ചുചെ
ന്നത്തൽപ്പെടുന്നു ബളിശംഗ്രസിക്കയാൽ
ആഗ്രഹമൊന്നിങ്കലേറിയാലാപത്തു
പോകുവാനാവതല്ലാതവണ്ണം വരും
ഇന്ദ്രിയങ്ങൾക്കു വശനായിരിപ്പവ-
നെന്നുമാപത്തൊഴിഞ്ഞീല്ലെന്നു നിർണ്ണയം
ഇന്ദ്രിയഗ്രാമം ജയിച്ചിരിക്കുന്നവ-
നൊന്നുകൊണ്ടും വരാ നൂനമാപത്തുകൾ
നല്ലതല്ലെന്നറിഞ്ഞിരിക്കെ ബലാൽ
ചെല്ലുമൊന്നിങ്കലൊരുത്തനഭിരുചി
പൂർവ്വജന്മാർജ്ജിത വാസനയാലതി-
ന്നാവതില്ലേതുമതിൻ വശനാംസ്വതം
എന്നാലതിങ്കൽ നിന്നാശുമനസ്സിനെ
തന്നുടെ ശാസ്ത്രവിവേകോപദേശങ്ങൾ
കൊണ്ടുവിധേയമാക്കിക്കൊണ്ടിരിപ്പവ-
നുണ്ടോ ജഗത്തിങ്കലാരാനുമോർക്കനീ.

— * —

# ഈ ശ്വ ര വി ലാ സം

(തുടർച്ച)

കെ. ജനാർദ്ദനൻ തമ്പാൻ.

ഇതൊന്നുമോൎക്കാതേയോ അറിയാതെയോ ആണ് ആധുനിക വിജ്ഞാനത്തെ മാത്രം പഠിയ്ക്കുന്നവർ ആ പഴയ ധാരണയേയും വിശ്വാസത്തേയും അജ്ഞത, മൂഢത എന്ന് അവജ്ഞയോടെ നിരാകരിയ്ക്കുന്നതു്. ലോകത്തെ മുഴുവൻ സമ്പൽസുഖസമൃദ്ധമാക്കാം, വ്യക്തികളെ എല്ലാം വിജ്ഞാനപ്രബുദ്ധരും സംസ്കാരപ്രസന്നരും പരിഷ്കാരസുഭഗരുമാക്കാം എന്നു വലിയ വാഗ്ദാനം ചെയ്തുകൊണ്ടടുത്ത നൂതനസയൻസുകളെ ലാളിച്ചു ലാളിച്ച് ഒടുക്കം ഇന്ന് ഒരു കുടുക്കമെത്തിയാൽ ഭൂമുഖമാകെ തീപ്പിടിച്ചു പൊട്ടിത്തെറിപ്പിയ്ക്കുവാൻ കഴിവുററ എണ്ണമററ സാമഗ്രികൾ ചില സാമ്രാജ്യശക്തികൾക്കു മാത്രം കൈയ്യാളുമാറായിരിയ്ക്കുന്നു. അതോടൊപ്പം, മുൻകാലങ്ങളിൽ വ്യക്തികളുടെ "സ്വകാര്യമേഖല"യിൽ പരിമിതങ്ങളായി "വികേന്ദ്രീകൃത"മായിക്കിടന്നിരുന്ന കാമലോഭങ്ങളും മദമാത്സര്യങ്ങളും അഹങ്കാരഭയാശങ്കകളും ഇന്ന് വീത്തുവശായ ഏതാനും "രാഷ്ട്രശക്തി"കളുടെ കേന്ദ്രീകൃതാധികാരത്തിൽ "ദേശസാൽ"ക്കരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. വ്യക്തികളാകട്ടെ തങ്ങളുടെ മൂലാവലംബങ്ങളെല്ലാം മുറിച്ചുകളയുകയാൽ യാതൊരു വിശ്വാസസ്ഥൈര്യവുമില്ലാതെ, ഈ വിഷമപ്രതിസന്ധിയിൽ നിലതെററി ഉലഞ്ഞുഴലുമാറായി. പലരുമിന്നു നാനാമാതിരി ചിത്തവൃത്തി സങ്കീർണ്ണതകളാൽ മനസ്സമാധാനം നശിച്ച് ഉന്മാദം ആത്മഹത്യാ അഥവാ പരദ്രോഹ വിനോദം മുതലായ കുമാർഗ്ഗങ്ങളിലേയ്ക്കു കുതിച്ചു വിനാശമടയുന്നു.

ഇങ്ങനെയെല്ലാമായാലും ഇപ്പോഴും കാലം തെററീട്ടില്ല. വേണമെന്നുള്ളവൎക്കു വ്യക്തിപരമായിട്ടെങ്കിലും ഈ പെരുക്കം കുഴപ്പങ്ങളിൽനിന്നും എളുപ്പമായൊരു പോംവഴി കാണിച്ചുതരുന്നുണ്ട് ആ പഴയ ധാരണാവിശ്വാസങ്ങൾ. ലോകം തുലയുവാൻ പോവുകയാണ്, കൂടെ തന്റെ ഈ സംലാളിതകളേബരത്തിന്റേയും നാശം ഒഴിച്ചുകൂടാത്തതാണ്, എന്നുവന്നാലും താൻ ജീവിയ്ക്കുന്നേടത്തോളം കാലം ഉള്ളിൽ എരിപൊരി സഞ്ചാരമോ, കരൾ കാർന്നുതിന്നുന്ന ആധിയോ ഉൽക്കണ്ഠയോ, ശ്വാസം മുട്ടിയ്ക്കുന്ന ഭയപ്പാടുകളോ ഒന്നും കൂടാതെ മനഃസ്വാസ്ഥ്യത്തോടെ തന്റെ കൎത്തവ്യവും നിൎവ്വഹിച്ചങ്ങനെ കഴിയുമാറാക്കും നമ്മെ ഓരോരുത്തരേയും, അജ്ഞാനസങ്കല്പം, മൂഢമത വിശ്വാസം എന്നൊക്കെ അവജ്ഞാതങ്ങളാകുന്ന ആ പൂൎവ്വികപ്രോക്തജന്മകർമ്മസിദ്ധാന്തം. തികച്ചും ശാസ്ത്രീയമായ ഒരു സിദ്ധാന്തമാണ് പുനൎജ്ജന്മവും കർമ്മഫലകാര്യകാരണബന്ധവും. ചുരുക്കിപ്പറയാം: മാനസികകുഴപ്പങ്ങൾക്കു പ്രതിവിധിയായി ആധുനിക മനശ്ശാസ്ത്രജ്ഞർ പ്രയോഗിയ്ക്കുന്ന

"സൈക്കോ-അനാലിസിസ്" "സൈക്കോ-തെറപ്പി" എന്നിവയേക്കാളും ആഴത്തിൽച്ചെന്നു രോഗനിദാനത്തിൽ എത്തുന്നതും അതോടെ ആരോഗ്യപ്രദാനം ചെയ്യുന്നതുമായ ഒരു മൌലികജീവതത്വമാണു് ഈ വേദാന്തകർമ്മസിദ്ധാന്തവിശ്വാസം ഉൾക്കൊള്ളുന്നതു്. "മന ഏവ മനുഷ്യാണാം കാരണം ബന്ധമോക്ഷയോഃ" എന്ന മനശ്ശാസ്ത്രപ്രതിപാദ്യവും, അതിലും ചേർടേയും ഉയരേയും ചെല്ലുന്ന "ഉദ്ധരേ ദാത്മനാത്മാനം നാത്മാനമവസാദയേൽ ആത്മൈവ ഹ്യാത്മനോ ബന്ധുരാത്മൈവ രിപുരാത്മനഃ. ബന്ധുരാത്മാത്മനസ്തസ്യ യേനാത്മൈവാത്മനാ ജിതഃ അനാത്മനസ്തു ശത്രുത്വേ വർത്തേതാത്മൈവ ശത്രുവൽ" എന്ന അധ്യാത്മവിദ്യയും സിദ്ധാന്തീകരിച്ചതാണു് അഖിലബന്ധന മുക്തിപ്രദമായ ഈ ജന്മകർമ്മതത്വജ്ഞാനം. അങ്ങനെ അതിഗഹനമാണു് ഈ ജ്ഞാനം, എങ്കിലും ആ അതിഗുഹ്യവും പവിത്രവുമായ ജ്ഞാനം പാരമ്പര്യപ്രചരണസൌജന്യത്താൽ, സദാ ശ്വസിയ്ക്കുന്ന വായുപോലെ, ഇമ്മണ്ണിലെ അക്ഷരജ്ഞാനം പോലുമില്ലാത്ത ഗ്രാമീണർക്കു കൂടി പ്രത്യക്ഷാവഗമവും ദൃഢം സുസുഖമായി ലഭിച്ചിരിയ്ക്കുന്നു. അതവർക്കൊരു വിശ്വാസമായി ഉള്ളം വിളക്കുന്നൊരു നെയ്‌വിളക്കായനുഭവപ്പെടുന്നു.

ഇവിടെവെച്ചു്—ഈ കർമ്മതത്വജ്ഞാനപഥത്തിൽ വെച്ചു്—രണ്ടു് തരക്കാർ സ്വാഭാവികമായി രണ്ടു് വഴിക്കു് വേർപിരിയുന്ന വസ്തുതയും പ്രസ്താവ്യമാണു്. "മന ഏവ മനുഷ്യാണാം.... ഉദ്ധരേദാത്മനാത്മാനം...." എന്നാദിയായ ഗുരൂപദേശത്താൽ പ്രചോദിതരായ ഒരു തരക്കാർ ആ യുക്തിവാദത്തെത്തന്നെ തികച്ചുംതുടന്നു്, അന്യനായ ഒരീശ്വരനെത്തന്നെ അനാവശ്യസങ്കല്പം എന്നു് പിൻതള്ളി "സോഹം"—"ശിവോഹം"—"അഹമേവാഹം" എന്നൊക്കെ ഉപര്യുപരിയായ അദ്വൈത കൊടുമുടികൾ തനിയേ കേറിക്കേറിപ്പോകുന്നു. പുരാതനസനാതനമായ ഒരേകാന്ത ദുർഗ്ഗമമാർഗ്ഗമാണതു്—അസിധാരാസദൃശമായ ജ്ഞാനപ്രവണമാർഗ്ഗം. എന്നാൽ പ്രസ്തുത കർമ്മതത്വജ്ഞാനം—താൻ തന്നെയാണു് തന്റെ ജനനമരണങ്ങളടക്കമുള്ള സകല സംസാരക്കുഴപ്പങ്ങൾക്കും കാരണവും നിവാരണവുമെന്നുള്ള അവബോധം—ഭക്തിപ്രവണനു് മറെറാരു ബുദ്ധി പ്രതികരണമാണണർത്തുന്നതു്. തന്റെ സംസൃതിയും സുഖദുഃഖാദിയും സ്വയംകൃതങ്ങളാണെന്ന ഉത്തരവാദിത്വബോധം ഭക്തന്റെ ഇതുവരെയുണ്ടായിരുന്ന ഈശ്വരസങ്കല്പത്തെ അനാവശ്യമാക്കുകയല്ലാ ചെയ്യുന്നതു്, പ്രത്യുത അതിനെ അത്യുൽകൃഷ്ടവും മനോജ്ഞവും ആയ ഒരു സത്യദർശനമാക്കി മാററുകയാണു് ചെയ്യുന്നതു്. അഗ്നിശിഖയെ ഭജിക്കുന്നവനു് അതു് ഭക്ഷണപാചകമായും ദീപനാളമായും അനുഭവപ്പെടും. അതിനെ അനാസ്ഥയോടെ അടുക്കുന്നവനേയും അവന്റെ വീടിനെത്തന്നെയും അതു് കത്തി എരിച്ചുഎന്നും വരാം. അഗ്നിയല്ലാ അതിനുത്തരവാദി. പകലും കണ്ണടച്ചു് ഇരുട്ടാക്കുന്നവനു് സൂര്യനുണ്ടായാലെന്താണു്, ഇല്ലാഞ്ഞാൽ എന്താണു്? എന്നാൽ ആ സ്വയം പ്രകാശരൂപനെ ആസ്ഥയാ തേടുന്ന മനുഷ്യനും മൃഗത്തിന്നും പാഴ്ചെടിക്കുപോലും ആരോഗ്യവും ആമോദവും സ്വയം വളത്തുമാറാകും. അതുപോലെയാണു് ഈശ്വരൻ.

സമീപിച്ചർത്ഥിക്കുന്നവന്റെ ഇച്ഛയെല്ലാം സാധിപ്പിക്കുന്ന കല്പതരുവാണു് ഈശ്വരൻ. അവനവന്റെ ദുഷ്ടശിഷ്ടവാഗ്‌വിചാര പ്രവൃത്തികൾക്കൊത്ത വണ്ണമുള്ള ഫലങ്ങൾ തനിയേ ലഭിക്കുമാറാക്കുന്ന ഈശ്വരൻ സർവ്വസമനായ സർവ്വഭൃതിയാകുന്നു. കേവല നിഷ്പക്ഷതയാൽ ഈശ്വരൻ സർവ്വകാരുണ്യനായ ദീനശരണ്യനുമാണു്. അതിനാൽ, അവനവന്റെ സ്വർഗ്ഗമോ നരകമോ സ്വന്തം ഇഷ്ടംപോലെ സൃഷ്ടിക്കുവാനുള്ള സ്വാതന്ത്ര്യവും അതിനുള്ള ഉത്തരവാദിത്വവും അവനവന്നു് തന്നെയാണെന്നു് അറിയാറായ ഭക്തൻ തന്റെ അതുവരേത്തെ പാപപുണ്യ ശുഭാശുഭകർമ്മങ്ങളൊക്കെയും ഒന്നായി എന്നെന്നേക്കുമായി ഫലദാതാവായ തന്റെ ഈശ്വരങ്കൽ കൈകയ്യൊഴിഞ്ഞു് മേലാൽ അന്വഹം മാനിയായി നിസ്പൃഹനായി ആ ലയം അഹൈതുകീ ഭക്തിയിൽ വിരഹിക്കുന്നു:—"ആത്മാരാമാശ്ചമുനയോ നിർഗ്രന്ഥാ അപ്യുരുക്രമേ കുർവ്വന്ത്യ ഹൈതുകീം ഭക്തിം ഇത്ഥം ഭൂതഗുണോ ഹരിഃ" (ഭാഗവതം)

ആ സമുന്നത ഭക്തിപദത്തിലെത്തിയവളല്ല നമ്മുടെ ആ നാട്ടിൻപുറക്കാരിയായ കഥാനായിക. എങ്കിലും ആസന്നമായ തന്റെ ദുർമ്മൃതി സ്വകർമ്മവിപാകം മാത്രമാണു് എന്നവൾക്കു് ബോധിക്കുമാറായി എന്നും, അപരിഹാര്യമായിത്തോന്നിയ ആ ദുരന്തത്തിന്നു് അവൾതന്നെയല്ലാതെ മററാരേയും കുററപ്പെടുത്തിയില്ല എന്നും പറഞ്ഞുവല്ലോ. വിശ്വാസ പ്രശ്രയമാന്ന ആ പ്രതികരണത്തിൽ അവൾ അറിയാതെതന്നെ തന്റെ സമുദ്ധാരണത്തെ സാദ്ധ്യമാക്കുന്ന രണ്ടു് നല്ല കാര്യങ്ങളാണു് ചെയ്തതു്. ഒന്നു് താൻ അതുവരെ അറിഞ്ഞും അറിയാതേയും ചെയ്തിരിക്കാവുന്ന സകല ദുഷ്കൃതങ്ങളേയും ചൊല്ലി പശ്ചാത്തപിക്കുകയും തന്റെ ഈ യാതനകൾ ന്യായ്യമായ ഈശ്വരശിക്ഷയാണെന്നുവെച്ചു് അതു് സ്വീകരിച്ചു് സഹിക്കുകയും ചെയ്യുകയാൽ തന്റെ "പ്രാരബ്ധ"ത്തിന്നൊരറുതി വരുത്തി എന്നതു്. രണ്ടു്: ദുഷ്ടനും പാപിയുമായ ഒരുത്തൻ ഏല്പിച്ച മഹാദ്രോഹത്തെപ്പോലും പൊറുക്കുകയാലും ആ മനുഷ്യനെ ദ്വേഷിച്ചോ ശപിച്ചോ മററുതരത്തിലോ പ്രതികാരം ചെയ്യാനാശിക്കാത്തതിനാലും, അവൾ തന്റെ അററുപോയ കർമ്മശൃംഖലയെ വീണ്ടും ഏച്ചുകൂട്ടാതിരുന്നു എന്നതു്. എന്നാൽ അതൊന്നും യുക്തിപൂർവ്വം കരുതിക്കൊണ്ടല്ലാ ആ ഗ്രാമീണ നിർവ്വഹിച്ചതു്. തന്റെ ഇഷ്ടദൈവത്തിന്റെ തിരുനാമജപത്താൽ ഏറി ഏറിവരുന്ന ഭക്തിഭാവത്തിൽ തന്റെ ഭീതിയും ദൈന്യവും ആശകളും എല്ലാം വിലയിപ്പിച്ചു് അങ്ങനെ സുഖേന ആത്മവിസ്മൃതി കൊള്ളുക മാത്രമാണു് അവൾ ചെയ്തതു്.

അതോടെ സമാധാനവും പരമനിർവൃതിയും അവൾക്കനുഭവപ്പെടുന്നു. നിർഘൃണമായണയുന്ന മൃത്യുവിനെപ്പോലും അവൾക്കിപ്പോൾ പേടിയില്ലാതാവുന്നു. എന്നുതന്നെയല്ലാ തന്റെ "പ്രാരബ്ധ"ത്തിന്റെ അവസാന ബന്ധത്തേയും അറുത്തു് തനിക്കു് ഈശ്വരപാദങ്ങളിൽ ചേരുവാൻ വിടുതി നൽകുന്ന മരണത്തിന്നു് അവൾ സ്വാഗതം പറയുകകൂടി ചെയ്യുന്നു. ദൈവത്തോടു മുമ്പു് ചെയ്തമാതിരി നിലവിളികളും മുറവിളികളുമല്ലാ അവളിൽ നിന്നി

പ്പോഴും പുറപ്പെടുന്നതു്. സാക്ഷാൽ കുന്തീദേവിയെപ്പോലെ ഇപ്പോഴും നമ്മുടെ ഈ നാടൻ നായികയും, "വിപദസ്സന്തു നശ്ശശ്വത്തത്ര തത്ര ജഗൽഗുരോ! ഭവതോദൎശനം യൽ സ്യാദ പുനൎഭവ ദൎശനം!" എന്നു് തന്റെ ഭഗവാനോടുണൎത്തിയ്ക്കുവാൻ തന്നെ തന്റേടം വന്നിരിക്കുന്നു.

വിശ്വാസവും ഭക്തിയും അത്രക്കു് ദൃഢമായി സ്വാഭാവികമാകുന്ന ആൾ ആണായാലും വേണ്ടില്ല പെണ്ണായാലും വേണ്ടില്ല, പണ്ഡിതനായാലും പാമരനായാലും വേണ്ടില്ല, ആൾക്കു് എല്ലാമായിക്കഴിഞ്ഞു. ആ ആൾ കൃതകൃത്യനായി. ഇതാ, ലോകാവസാനമായി, എന്നുവന്നാലും അയാൾക്കിനി പരിഭ്രാന്തിയോ പരക്കംപാച്ചിലോ ഇല്ല.

ഭക്തനങ്ങനെ ഏതു നിമിഷവും മരിയ്ക്കാനും ഒരുക്കമാണു്—കഥാനായികയായ ഗ്രാമീണയെപ്പോലെ. എന്നാൽ അത്ഭുതം! ഭക്തനങ്ങനെ തന്റെ കൎത്തവ്യമെല്ലാം കൈയ്യൊഴിയുമ്പോഴാണു് കൎത്തവ്യമൊന്നുമില്ലാത്ത ഭഗവാന്റെ കൎത്തവ്യമാരംഭിയ്ക്കുന്നതു്. പരമഭക്തൻ അങ്ങനെ എല്ലാം ഈശ്വരേച്ഛയ്ക്കു കൈയ്യൊഴിഞ്ഞു് തന്റെ ഭോജനാച്ഛാദനാദി കാൎയ്യംപോലും ചിന്തിക്കാതെ ഭഗവൽ ഭജനത്തിൽ മാത്രം ശ്രദ്ധാതല്പരനാകുമ്പോഴാണു് നിത്യപ്രജാഗരനെങ്കിലും സദായോഗ നിദ്രാലസനായിരിയ്ക്കുന്ന ഈശ്വരന്നു് തന്റെ ആ ഉറക്കനാട്യവും വെടിഞ്ഞെണീയ്ക്കണമെന്നു വരുന്നതു്. ഭഗവാൻ തന്റെ വാക്കു പാലിയ്ക്കുവാൻ നിൎബ്ബന്ധിതനാകുന്നതു് അപ്പോഴാണു്. പ്രഖ്യാതമായ ആ ഭഗവൽ പ്രതിജ്ഞ:

"അനന്യാശ്ചിന്തയന്തോ മാം
യേ ജനാഃ പൎയ്യുപാസതേ
തേഷാം നിത്യാഭിയുക്താനാം
യോഗക്ഷേമം വഹാമ്യഹം"

എന്നതത്രേ. പുരാണപ്രസിദ്ധമായ "ഗജേന്ദ്രമോക്ഷം" എന്ന അലൌകികേതിഹാസം ഭഗവാന്റെ പ്രസ്തുത പ്രതിജ്ഞാ നിൎവ്വഹണത്വരയെയത്രേ മനോജ്ഞമായി ദൃഷ്ടാന്തപ്പെടുത്തുന്നതു്. ഒരാധുനിക വൃത്താന്തപത്രപംക്തിയിലെ പ്രാദേശിക വാൎത്താബഹളങ്ങൾക്കിടയിൽ നിന്നിതാ, ഒരു ലൌകികോദന്തം അതേ ഈശ്വരത്വരയെ സാക്ഷ്യപ്പെടുത്തുവാൻ വെമ്പുന്നു. താല്പൎയ്യമുള്ളവർ കേൾക്കട്ടെ.

സമാപ്തം

# നാരായണീയം

ഏ. ആർ. മേനോൻ

## 86-ാം ദശകം

1 രുഗ്മിണ്യുദ്വാഹകാലേ യദുഭടവിജിതൻ മായിസാല്വൻ ഗിരീശാൽ
ലബ്ധ്വാ സൌഭം വിമാനം തവപുരിയെ വളഞ്ഞു, ഭവാനില്ലയപ്പോൾ
പ്രദ്യുമ്നൻ സർവ്വസേനാനിവഹമൊടിരുപത്തേഴുനാൾ പോർനടത്തി-
ട്ടന്തേ കൊന്നു ദ്യുമാനാം സചിവനെയവനോ പാക്കിലത്യുഗ്രവീര്യൻ

2 അങ്ങണഞ്ഞെത്തി തദാനീം സഹജനൊടൊരുസമം, മിക്കതും സൈന്യമററാ-
സ്സാല്വൻ തന്നോടെതൃത്തീടിന സമയമവൻ വീഴ്ത്തിനിൻ ശാർങ്ഗചാപം
വെട്ടീ മായാപിതാവിൻ തലയതിലവിടുന്നല്പനേരം ഭ്രമിച്ചാ-
നെന്നും ചൊല്ലുന്നതുണ്ടു, ചിലരതു ശരിയല്ലെന്നുതാൻ വ്യാസവാദം

3 സൌഭത്തെത്തച്ചുടച്ചിട്ടു ദധിയിലതുനീ വീഴ്ത്തി സാല്വന്റെ കണ്ഠം
ഛേദിച്ചു, ദന്തവക്ത്രൻ തദനുഗദയെ നിൻനേരെക്കെറിഞ്ഞോരുനേരം
കൌമോദക്യാ ഹനിച്ചു, തിരുവടിയവനും തൽപദം ചേർന്നുകൊണ്ടാൻ
ചൈദ്യൻപോൽ, പൂർവ്വഭക്തക്കേവമരുളവാൻ തന്നെയീ നിൻറ
ജന്മം

4 അക്കാലം ദ്യൂതമുണ്ടായ് കുരുസഭയിലതിൽബദ്ധയാം യാജ്ഞസേനി
ക്രന്ദിച്ചാളപ്പോളങ്ങുന്നവളുടെ പുടവക്കന്തമില്ലാതെയാക്കി
ഭോജ്യാന്തേ വന്നുചേർന്നാമുനിയിലുരുഭയാൽ നിന്നെയോർക്കെ ഭവാന-
ങ്ങെത്തിശ്ശാകാംശമുണ്ടാമുനികളെ കൃപയാ തൃപ്തരാക്കീവനാന്തേ

5 യുദ്ധാരംഭേ വരിച്ചു വിജയനഥ ഭവാനേകനെ, യങ്ങമപ്പോൾ
കൌരവ്യന്നേകി സൈന്യം, തദനുകരിപുരേ ദൂതനായ് പാണ്ഡവ
ക്കായ്
ഭീഷ്മദ്രോണാദി മാനിച്ചോരുതവവചനം കൌരവൻ ധിക്കരിക്കെ
വിശ്വാകാരം പ്രദർശിച്ചവിടെ പരമിളക്കിത്തിരിച്ചങ്ങുപോന്നു

6 ശ്വേതാശ്വൻ പോർക്കളത്തിൽ സ്വജനവധയാം വിഷണ്ണനായ് ഖേദമാ
ണ്ടാൻ
സാരഥ്യം പൂണ്ടൊരങ്ങന്നി "ഇച്ചപലതയാം നിത്യനേകൻ പരാത്മാ
ഹന്താവാർ വദ്ധ്യനാരാണിഹ നിധനഭയം വിട്ടുനീയെന്നിലെല്ലാ-
മർപ്പിച്ചീധർമ്മയുദ്ധം തുടരണമിതി"ന്നീ വിശ്വരൂപാലുണർത്തി

7 ഭൂഭാരക്ഷേപമാം നിൻഹൃദയമനുസരിച്ചുള്ള ഭക്താഢ്യഭീഷ്മൻ
വീഴ്ത്തീ പത്തായിരം താൻ നൃപരെയനുദിനം ജിഷ്ണുവും ക്ഷീണനായീ
നിശ്ശസ്ത്രം വാക്കലംഘിച്ചരിധരനവിടന്നോടി ഭീഷ്മന്റെനേക്കായ്
ക്രുദ്ധൻപോലമ്മഹാത്മാ തൊഴുതു കനിയവേയങ്ങുപിൻവാങ്ങി തോ
ഷാൽ

8 ദ്രൗണത്തിൽ ദന്തിയുദ്ധസ്ഥിരമതിഭഗദത്തന്റെ നാരായണാസ്ത്രം
മാറിൽത്താങ്ങീ, വധിപ്പിച്ചിതുരവിയെ മറച്ചങ്ങുനീ സൈന്ധവേശം
കർണ്ണൻ നാഗാസ്ത്രമെയ്കേ ക്ഷിതിയെയലമമത്തിക്കിരീടം മുറിപ്പി-
ച്ചന്നും രക്ഷിച്ചപാർത്ഥം തിരുവടിവിജയാദിക്ക ചെയ്യാത്തതുണ്ടോ

9 രാമൻ തീർത്ഥംഗമിച്ചാനടർ സമയമഹോ, നൈമിശേ തന്നെലേശം
മാനിച്ചീടാത്ത പൌരാണികവധമനു തൽപുത്രനാസ്ഥാനമേകീ
പർവ്വേയജ്ഞം മുടക്കും ദിതിജനെ നിധനം ചെയ്തു തീർത്ഥങ്ങളാടീ
യുദ്ധാന്തേ ഭീമദുര്യ്യോധനരണമശമം കണ്ടുരാജ്യത്തിലെത്തീ.

10 ബാലാഘാതപ്രണഷ്ടസ്വമതി ഗുരുസുതൻ വിട്ടവൈരിഞ്ചമസ്ത്രം
നിൻവാക്യാൽ സംഹരിച്ചു, വിജയനഥ ശിരോരത്നവും ചൂന്നെടുത്തു
വംശച്ഛേദത്തിനസ്ത്രം പുനരപിചവിരാടാത്മജാഗർഭമാർന്നു
സൂക്ഷ്മാകാരത്തൊടങ്ങുന്നവളുടെ ജഠരംപുക്കുരക്ഷിച്ചുബാലം

11 ഗാംഗേയൻ ധർമ്മപുത്രന്നനവധിയുപദേശങ്ങളേകീട്ടു ഭക്ത്യാ
നിന്നെത്താൻ കണ്ടുകൊണ്ടേ പരമപദമണഞ്ഞീടിനാൻ ഹന്തമൃത്യു.
ചെയ്യിച്ചു, വാജിമേധത്രിതയമധിപനെക്കൊണ്ടു പൂർണ്ണാർത്ഥനാക്കി
പ്പോന്നൂനീ ദ്വാരകക്കായ് പവനപുരപതേ! സർവ്വരോഗാൽ പ്രപാഹി.

## 87-ാം ദശകം

1 കുചേലവിപ്രൻ ഭവതഃ സതീർത്ഥ്യനായ്
വസിച്ചു സാന്ദീപനിമന്ദിരെ പുരാ
ഗൃഹസ്ഥനും ശാന്തനുമായ് കഴിഞ്ഞുപോൽ
ഭവാനിൽ മാത്രം രതി നിസ്പൃഹൻ ധനേ

2 പ്രിയക്കമപ്പോലെ ഗുണങ്ങളെങ്കിലും
മനോജയം താദൃശമായതില്ലഹോ!
കഴിഞ്ഞുകൂടാനൊരുനാൾ പറഞ്ഞുപോൽ
രമേശനാം തോഴനെയൊന്നു കാണുവാൻ.

3 മദാവഹം വിത്തമനിഷ്ടമെങ്കിലും
വിശന്നു കേഴും പ്രിയ ചൊൽകയാലവൻ
ഭവദ്ദിദൃക്ഷാകുതുകേന യാത്രയായ്
കുറച്ചവിൽ കാഴ്ച പൊതിഞ്ഞു തൻപടേ

4 അണഞ്ഞു തേ ദ്വാരകയൽഭുതം പുരം
യദൃച്ഛയാ കേറി വിദർഭജാഗൃഹേ
സുഖിച്ചു വൈകുണ്ഠമതിൽ ഗമിച്ചപോൽ
തവാദരം കിട്ടുകിലെന്തു ചൊല്ലിടാം

5 വിശേഷമായ് സൽകൃതി, വീശി രുഗ്മിണീ,
കരം പിടിച്ചങ്ങു പറഞ്ഞു നീ തദാ
ഗുരുപ്രിയം ചോദിതർ കാട്ടിലിന്ധനം
പെറുക്കുവാൻ പോയ് മഴകൊണ്ട മുൻകഥ

6 കൊടുക്കുവാനേറെ മടിച്ച കാഴ്ചയെ-
ബ്ബലാൽ വലിച്ചങ്ങൊരു മുഷ്ടി തിന്നു നീ
ഇതിത്രകൊണ്ടേ മതിയാക്കുകെന്നഹോ
കരം തടുത്തു രമ വന്നു സംഭ്രമാൽ

7 കുചേലനെ, ബ്ഭക്തരിൽ ഭക്തിമാൻ, ഭവാൻ
മാനിച്ചു പാർപ്പിച്ചു സുഖേന രാത്രിയിൽ
പ്രഗേ മടങ്ങീ ധനമെന്യെ വിപ്രനും
വിഭോ! തവാനുഗ്രഹമെത്ര ചിത്രമാം

8 അപേക്ഷ ചെയ്താകിലനന്തനേകുമാ-
യിരുന്നു ഞാൻ പത്നിയോടെന്തു ചൊല്ലുവൻ
ഇതിത്വൽഭക്തി സ്മിതമഗ്നനായ് ക്രമാൽ
നടന്നു, കണ്ടാനൊരു രത്നമന്ദിരം

9 പിഴച്ചുവോ മാർഗ്ഗമിതിഭ്രമിച്ചവൻ
ഗൃഹത്തിലുൾപൂകെയണഞ്ഞു വല്ലഭാ
സുവർണ്ണരത്നാഭരണാ, സഖീവൃതാ
കുചേലനോർത്താനിതു നിൻ കൃപാഭരം

10 അനർഘ്യഗേഹത്തിൽ വസിച്ചുവെങ്കിലും
പ്രവൃദ്ധഭക്ത്യാ ദ്വിജനാണ്ടുമുക്തിയെ
ഭജിപ്പവർക്കാഗ്രഹമേവമേകിടും
മരുത് പുരീനാഥ! ഹരിക്കമേഗദം

## 88-ാം ദശകം

1 ഗുർവ്വർത്ഥേ നഷ്ടപുത്രാനയനമതു ഭവാൻ ചെയ്തതായ് കേട്ടു മാതാ-
വാശിച്ചു. പുത്രഷട്കം, തദനു ബലിയെ നീ കണ്ടു കൈക്കൊണ്ടു ബാലാൻ
മാരീചർ ബ്രഹ്മശാപാൽ കനകകശിപുവിൻ പുത്രരായ് പിന്നെ നിന്റെ
ജ്യേഷ്ഠന്മാരാറുപേരായവരെ ജനനിയെക്കാട്ടിയെത്തിച്ചു നാകേ.

2 ശ്രുതദേവനിതിപ്രസിദ്ധവിപ്രൻ
ബഹുളാശ്വൻ നൃപനും തികഞ്ഞ ഭക്തർ
ഇരുവർക്കുമനുഗ്രഹത്തെ നൽകാൻ
മിഥിലക്കെത്തി ഭവാൻ സഹർഷി സംഘം

3 മൂർത്തിദ്വയേനയിരുഗേഹവുമേകകാല-
ത്തണഞ്ഞെത്തി, സർവ്വവിഭവാൽ നൃപനാദരിച്ചു;
അന്നാന്ന മൂലഫലമന്തണനേകി, യങ്ങോ
തോഷിച്ചു മോക്ഷമിരുവർക്കുമണച്ചിതൊപ്പം

4 ദ്വാർവത്യാം വിപ്രനേകൻ സുതമൃതിയിൽ വിലാപിക്കവേ കർമ്മദോഷം
നീക്കാനാക്കാവുമെന്നങ്ങഖിലഭുവനഭർത്താവനങ്ങാതിരുന്നു
ഗർവ്വം പാർത്ഥന്നുപോക്കി, തിരുവടിനരനാണെന്നമാന്ദ്യത്തെ നീക്കാൻ
വൈകുണ്ഠം കാട്ടി, തത്ത്വം ഹൃദയമതിലുറപ്പിക്കുവാൻതന്നെ നൂനം.

5 പുത്രന്മാരെട്ടുപോയീ, തിരുവടിയിതുപേക്ഷിച്ചതാണെന്നു പൌരർ
കഷ്ടം ചൊല്ലിത്തുടങ്ങീ തദവസരമഹോ ജിഷ്ണുവും വന്നുചേർന്നു
പാർത്താനങ്ങൊട്ടുകാലം നവമതനയനുംപോയ വിപ്രന്റെ ദുഃഖം
കേട്ടപ്പോഴാ ചൊല്ലി സത്യം ദശമനെ തരുവേനന്യഥാ ചാടുമഗ്നൗ

6 നിന്നോടാലോചിയാതേ ദ്വിജസദനമവൻ പൂകി ദിവ്യാസ്ത്രജാലാ-
ലീററില്ലം മൂടി മുററും തദനു ശിശുവിനെക്കണ്ടതും കണ്ടിടാതായ്
ദിക്കെട്ടും ചെന്നു നോക്കീ നിജബലമവലംബിച്ചു, യത്നം ഫലിക്കാ-
തഗ്നൗ ചാടാൻ തുനിഞ്ഞീടവെ ഝടുതി ഭവാൻ സസ്മിതം മാററിനിർത്തീ

7 രണ്ടാളും വേഗമേറും രഥമതു കയറി പ്രാചിനോക്കിഗ്ഗമിച്ചു
ലോകാലോകം കടന്നിട്ടിരുളിനെയകലെപ്പോക്കി നീ ചക്രഭാസാ
തേജസ്സാൽ കാഴ്ചമങ്ങും വിജയനോട് ഭവാൻ നോക്കുനോക്കെന്നു കാട്ടീ
മദ്ധ്യേ തോയം തമസ്സിന്നകലെ മഹിതമാം നിന്റെ വൈകുണ്ഠപാദം

8 കാർവർണ്ണൻ സുന്ദരാംഗൻ ഭുജഗപതിശയൻ ദിവ്യഭൂഷായുധാഢ്യൻ
മഞ്ഞപ്പട്ടാടയുള്ളോൻ ശ്രുതികളുടെയൊരേ തത്ത്വമാത്മസ്വരൂപൻ
മുമ്മൂർത്തിക്കീശിതാവായവിടെയമരുമാമംഗളാകാരനാകു-
ന്നങ്ങെത്താനങ്ങു കൂപ്പീ പ്രിയസഖ വിജയൻ തന്നോടൊപ്പം പ്രമോദാൽ.

9 പ്രകാശിച്ചും മാഞ്ഞും ദ്വിവിധമയനാമെന്റെ വടിവാം
ഭവാന്മാരെക്കാണ്മാനഹമിഹ വരുത്തീ ശിശുഗണം
ഇതാ കുട്ടിപ്പോകാമിതിവചനമാശ്രുത്യ ഭഗവൻ!
കൊടുത്തു വിപ്രന്നായ് ദശസുതരെയും പാർത്ഥവിനുത!

…RSITY LIBRAR…

# സന്താനനിയന്ത്രണം അഥവാ കുഡുംബാസൂത്രണം

ആത്മാരാമൻ കടമ്പനാൽ

ഇന്നു് സകല രാഷ്ട്രങ്ങളുടേയും ശ്രദ്ധയെ കേന്ദ്രീകരിച്ചിട്ടുള്ള ഒരു വിഷയമാണു്, സന്താനനിയന്ത്രണം അഥവാ കുഡുംബാസൂത്രണം. അനിയന്ത്രിതമായി അനുദിനം പെരുകിക്കൊണ്ടിരിക്കുന്ന സന്താനവർദ്ധനമൂലം, ഇന്നു് ലോകത്തിന്റെ സാമ്പത്തിക ഭദ്രതക്കുതന്നെ സാരമായ കോട്ടം സംഭവിച്ചിട്ടുണ്ടു്. അതിന്റെ വൈഷമ്യം പരിഹരിക്കാൻ, എല്ലാം രാഷ്ട്രവും ഇന്നു് തലപുകഞ്ഞു് ആലോചിച്ചുകൊണ്ടിരിയ്ക്കയാണു്. അതിന്നുവേണ്ടി പലപല പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ടു്; ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കുന്നുമുണ്ടു്. നമ്മുടെ ഗവർമ്മേണ്ടും അതിന്നുവേണ്ടി പ്രചരണം നടത്തുന്നുണ്ടു്, പ്രവൃത്തിക്കുന്നുണ്ടു്, പണം ചിലവഴിക്കുന്നുണ്ടു്. എന്നിട്ടും, ഭാരതത്തിലെ, പ്രത്യേകിച്ചു് കേരളത്തിലെ ജനസംഖ്യ ദിവസംപ്രതി ആയിരക്കണക്കിന്നു് കൂടുന്നുണ്ടെന്നാണു് റിപ്പോർട്ടു്. അതിലും ഖേദകരമായ കാര്യം, ഭാരതീയരായ നാം അതിന്നുവേണ്ടി അംഗീകരിച്ചിട്ടുള്ളതു് പാശ്ചാത്യരുടെ കൃത്രിമമായ മാർഗ്ഗത്തെയാണെന്നുള്ളതാണു്. ഇതിന്നും പാശ്ചാത്യരെ അനുകരിച്ചുകൊണ്ടു്, കൃത്രിമങ്ങളായ ഉപകരണങ്ങളും, ഉപായങ്ങളുമാണു് നാം സ്വീകരിക്കുന്നതെങ്കിൽ, നമ്മുടെ സ്വാതന്ത്ര്യത്തിന്നും സംസ്കാരത്തിന്നുമുള്ള വിലയും നിലയും എന്തായിരിക്കും? നമ്മുടെ സ്വാതന്ത്ര്യത്തിന്റെ അർത്ഥമെന്തു്?

---

10 ഏവം ലീലാവിഹാരാൽ ത്രിജഗതിയെ രമിപ്പിച്ചു, യജ്ഞങ്ങൾ ചെയ്തും,
വംശത്തെപ്പുഷ്ടമാക്കിപ്പലവിധ കളിയാൽ സ്ത്രീജനപ്രീതിയേററി,
ഭൂഭാരം തീർത്തപേരിൽ പദകമലമണഞ്ഞോർക്കു മോക്ഷം കൊടുപ്പാൻ
പൂർണ്ണബ്രഹ്മം ജനിച്ചു ഭുവി നരവടിവായ് വൃഷ്ണിവംശേ വിളങ്ങി.

11 ത്വൽ സാന്നിദ്ധ്യാനുഭൂതിക്കമരമുനിമുഹുർദ്വാരകക്കെത്തുമപ്പോൾ
നിൻതാതൻ പുണ്യഭാഗന്നൊരുദിനമുപദേശിച്ചിതദ്ധ്യാത്മതത്ത്വം
ധീമാനാം ഉദ്ധവൻ നിൻ തിരുമുഖകമലാൽത്തന്നെ വിജ്ഞാനമാർന്നി-
ട്ടെത്തീ ഭക്തൻ ബദര്യാമവിടെ ജനഹിതത്തിന്നു പാർക്കുന്നിതിന്നും

12 സ്നേഹദ്വേഷാനുരാഗപ്രഭൃതി നിരുപമം നിഷ്പ്രയാസം പ്രസിദ്ധം
യോഗത്താലെങ്ങുമെല്ലാവിധവുമഖിലരും മോക്ഷമാർന്നൂ വിശോകർ
ആ നിൻ കൃഷ്ണാവതാരം ധരണിയിൽ വിജയിക്കുന്നു സർവ്വപ്രകാരം
നിശ്ശേഷം താപമാററിപ്പവനപുരപതേ! ഭക്തിയെപ്പൂർത്തിയാക്കൂ.

ആർഷഭാരതത്തിൻെറ ആദ്ധ്യാത്മിക പാരമ്പര്യത്തിന്നു് അനുയോജ്യമായ രീതിയിൽ പ്രസ്തുത പ്രശ്നത്തെ പരിഹരിക്കാൻ നമുക്കു് സാദ്ധ്യമല്ലേ? ഇതു സംബന്ധിച്ചു് മഹാത്മാഗാന്ധി ഒരിക്കൽ പറഞ്ഞതു്:—"കൃത്രിമ സാധനങ്ങൾകൊണ്ടു് സന്താനനിയന്ത്രണം സാധിക്കാമെന്നുകരുതി, എല്ലാവരും അതിന്നു് വഴിപ്പെടുകയാണെങ്കിൽ, തീർച്ചയായും മാനവസമുദായത്തിന്നു്, അതു്, വലിയൊരധഃപതനമായിരിക്കും" എന്നാണു്. വാസ്തവത്തിൽ, അദ്ദേഹം അന്നു് വിഭാവനചെയ്ത ആ നൈതികാധഃപതനം ഇന്നു് അനുഭവത്തിൽ വന്നിട്ടുണ്ടു്. എന്നുതന്നെയല്ല; ഗർഭനിരോധനത്തിന്നുവേണ്ടി ഇന്നു് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങളെല്ലാം സ്വഭാവദൂഷ്യമുള്ള സ്ത്രീപുരുഷന്മാർക്കു് ഒരനുഗ്രഹവും കൂടിയായിരിക്കയാണു്:

ഇനി ഈ വിഷമപ്രശ്നത്തിന്നു് നമ്മുടെ ധർമ്മശാസ്ത്രത്തിൽ എന്തെങ്കിലും പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അതെന്താണു്; ഇതിനെ പ്രാചീന ഭാരതീയാചാര്യന്മാർ എങ്ങിനെ കൈകാര്യം ചെയ്തിരുന്നുവെന്നും മററും നമുക്കൊന്നു് ചിന്തിച്ചുനോക്കാം.

സംയമത്തോടുകൂടിയ ജീവിത—സംയമ ജീവിത—മാണു് സന്താനനിയന്ത്രണത്തിനുള്ള ഏകമായ പരിഹാരമാർഗ്ഗം. ഇതുതന്നെയാണു്, ശാസ്ത്രങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നതും, നമ്മുടെ പൂർവ്വികന്മാർ അനുവത്തിച്ചിരുന്നതും, അനുശാസിച്ചിരുന്നതും. ഇതു് കുറച്ചു് പ്രയാസമുള്ള കാര്യമാണെങ്കിലും, അസാദ്ധ്യമൊന്നുമല്ല, അങ്ങിനെ സംയമത്തോടുകൂടിയ ജീവിതം നയിക്കുന്നതിന്നു് കഠിനമായ തപസ്സിൻെറയൊന്നും ആവശ്യമില്ല; മഹാത്മാഗാന്ധിയോ വിനോഭാജിയോ ആകേണ്ടതുമില്ല. ആത്മാത്ഥമായ ആഗ്രഹം മാത്രമുണ്ടായാൽ മതി. ആദർശം ശുദ്ധമായിരിക്കണം. അതിൽ അവധാനപൂർവ്വം ഉറച്ചുനില്ക്കുകയും വേണം. അപ്പോൾ പ്രസ്തുത ലക്ഷ്യത്തിലേക്കു് നമ്മുടെ അന്തരാത്മാവുതന്നെ നമ്മെ നയിച്ചുകൊള്ളും.

നമ്മുടെ പൂർവ്വികന്മാർ ഏർപ്പെടുത്തിയിരുന്നതും, ആചരിച്ചിരുന്നതുമായ ആശ്രമവ്യവസ്ഥ, എത്രമാത്രം പ്രയോജനപ്രദമായ ഒന്നായിരുന്നുവെന്നു നാമിപ്പോഴെങ്കിലും മനസ്സിലാക്കുന്നതു കൊള്ളാം. കുറഞ്ഞതു് 25 വയസ്സുവരെയെങ്കിലും ബ്രഹ്മചര്യം ആചരിക്കണമെന്നു നിർബ്ബന്ധമായിരുന്നു. 32 വയസ്സുകഴിഞ്ഞേ വിവാഹം പാടുള്ളുവെന്നും, 50 വയസ്സായാൽ വാനപ്രസ്ഥത്തിലേയ്ക്കു പ്രവേശിക്കണമെന്നുമാണു് അവരുടെ അഭിപ്രായം. പിന്നീടു, വിഷയാസക്തിയെല്ലാം വിട്ടു, മനസ്സുകൊണ്ടു സന്യാസം സ്വീകരിച്ചു, ബാക്കിയുള്ള ജീവിതകാലം ഭഗൽഭക്തിയോടുകൂടി കഴിച്ചുകൂട്ടണം. ഇതാണു്, പുരാതന ഭാരതീയരുടെ സമുദായവ്യവസ്ഥ. അങ്ങിനെയായാൽ, ഏതാണ്ടു 20 വർഷം മാത്രമേ ശരിയായ ഗൃഹസ്ഥാശ്രമജീവിതം വേണ്ടിവരൂ. അതുതന്നെ വളരെ ആത്മസംയമത്തോടുകൂടി വേണമെന്നാണു് പറയുന്നതു്. സ്വന്തം വംശത്തെ നിലനിത്തുന്നതിന്നുവേണ്ടി, നല്ല ദിവസങ്ങൾ നോക്കി, ഈശ്വര

# കൃതാർത്ഥയുടെ കൃതജ്ഞത

*വിദ്വാൻ ടി. കെ. രാമൻ മേനോൻ*

ചെയ്തുതോഴീ പലതുംനീ നിന്നുയിരും ഗണിക്കാതെ
ചെന്നുചേരാനെൻപ്രിയന്റെ ദിവ്യസങ്കേതം!
എത്രകുന്നും കുഴികളുമെത്ര ഘോരാരണ്യങ്ങളു-
മെത്രമാത്രം നദികളുംനീ കടന്നുപോയ്!
കണ്ടകാകീർണ്ണങ്ങളാകുമെത്ര പഥങ്ങളിലൂടെ
കണ്ടിവാർകുഴലിനടകൊണ്ടുനീ താനേ
ഞെട്ടലേകും മൃഗരാജഗർജ്ജനം നീയെത്രമാത്രം
കേട്ടിരിയ്ക്കുമായാത്രയിൽ മാമകാർത്ഥമായ്.

ഈ മനോജ്ഞസങ്കേതത്തിൽ, ദിവ്യശില്പകല്പനയും
തൂമയേറവും മഹാർഹമാം രത്നഹർമ്മ്യത്തിൽ
മാമകപ്രാണേശ്വരന്റെ മന്ദിരത്തിൽ തത്സകാശ-
മോമനേ ഞാൻ നീമൂലമാണിരിപ്പതിപ്പോൾ

---

വിചാരത്തോടുകൂടി, ഋതുകാലങ്ങളിൽ മാത്രം (നിരോധിച്ചിട്ടുള്ള ദിവസങ്ങളൊഴിച്ച്) തന്റെ ഭാര്യയെ പ്രാപിക്കണമെന്നാണ്, ശാസ്ത്രസിദ്ധാന്തം, അങ്ങിനെ വിധിയാംവണ്ണം വിഷയത്തിലേർപ്പെടുന്നതുകൊണ്ട്, ബ്രഹ്മചര്യത്തിനുപോലും ഭംഗം നേരിടുന്നതല്ലെന്നും ശാസ്ത്രം അനുശാസിക്കുന്നുണ്ട്. ഭാരതത്തിന്റെ ആ പുരാതനപാരമ്പര്യം പുലർത്തിക്കൊണ്ടു പോകാൻ നമുക്കു കഴിഞ്ഞാൽ, സന്താനനിയന്ത്രണത്തിന്റേതായ ഇന്നത്തെ ഭാരിച്ച പ്രശ്നം നമ്മെ സംബന്ധിച്ചിടത്തോളം നിസ്സാരമാണ്. അതിനുവേണ്ടി കൃത്രിമങ്ങളായ ഉപായങ്ങളെ ആശ്രയിക്കേണ്ട ആവശ്യം നമുക്കില്ല. നമ്മുടെ ആ പഴയ പാരമ്പര്യത്തെ അവഗണിച്ച്, അന്യരെ അനുകരിക്കാൻ പോയതിന്റെ പരിണതഫലമാണ്, ഇന്നത്തെ പ്രയാസങ്ങളെല്ലാംതന്നെ. നമ്മെ ഇന്നഭിമുഖീകരിക്കുന്ന ഈവക വിഷമപ്രശ്നങ്ങളെ തരണം ചെയ്യാൻ നാം ഇന്നു സ്വീകരിച്ചിട്ടുള്ള വിചിത്രമാർഗ്ഗങ്ങളോ, അതിലേറെ വൈഷമ്യങ്ങൾ സൃഷ്ടിക്കുന്നവയുമത്രെ. "മാടപ്രാവിനെ ഓടിക്കാൻ കൈകൊട്ടി കാക്കയെ വരുത്തിയ" അനുഭവമല്ലേ ഇന്നു നമുക്കുള്ളത്? അതുകൊണ്ട്, സ്വന്തം സംസ്കാരത്തേയും, സ്വന്തം പാരമ്പര്യത്തേയും അനുവർത്തിക്കാൻ നാം എന്നു തുടങ്ങുന്നുവോ, അന്നേ നാം ശരിയായ സ്വതന്ത്രരാകൂ; നമ്മുടെ ജീവിതത്തിൽ ശാന്തിയും സമാധാനവുമുണ്ടാകൂ. അല്ലെങ്കിൽ അനുഭവിച്ചറിയുകയെന്നു മാത്രമേ ഇപ്പോൾ പറയാനുള്ളൂ.

മൽപ്രേമദേവതതന്നെ നിന്നിമേഷാക്ഷികൾക്കോലും
മേന്മകാണാം,നാസ്വദിക്കാൻ നീ തരംതന്നു
സ്വേദലേശങ്ങളാൽ മിന്നുമെൻ തിരുമേനിതൻ നെററി
യാദരിക്കാൻ, കാണാൻ ഭാഗ്യമെനിക്കുണ്ടാക്കി.
മാരിവില്ലിൻ വിക്രിയകൾ കണ്ടുകൊണ്ടാടുവാനെന്നിൽ
കാതണിനീ ചൊരിഞ്ഞല്ലോ സൌഹൃദംമൂലം.
സ്മേരദീപ്തിചിന്നും ചന്ദ്രബിംബമെനിക്കെത്തിനോക്കാ–
നാരുന്നിക്കന്നപ്പോലെയെന്നെയനുവദിക്കും!
നൽത്തളിരിണയിൽത്തങ്ങിനില്ക്കുമനിർവ്വാച്യകാന്തി
യുത്തമേ, നിൻശ്രമത്താൽ ഞാൻ കണ്ടുനിർല്ലോഭം.
ആലോചനാസേചകങ്ങളസ്സുധാകണങ്ങൾ നുക–
ന്നാലസ്യമൊട്ടകററീടാൻ നൽകി നീമാർഗ്ഗം
ഭാവനാസഹസ്രകേന്ദ്രം മാമകനാഥൻ തൻസ്വാന്തം
നീവഴിയായുൽപ്രേക്ഷിക്കാനെനിക്കായല്ലോ.
വീരവ്രണകിണങ്ങളാലുജ്ജ്വല മാത്മേശ്വരന്റെ
വിസ്തൃതോരന്തരാളമെന്നെനീ കാട്ടി.
ആയതങ്ങളാജാനുക്കൾ ബാഹുക്കൾ കണ്ടാനന്ദിക്കാ–
നായതാക്ഷി നീയാണല്ലോ തുണച്ചിതെന്നെ.
മൽപ്രിയപ്രാണേശ്വരന്റെ പാവനപാദാംബുജങ്ങളി–
ലെന്മനഃപുഷ്പങ്ങളാൽ ഞാനർച്ചനചെയ്തു.
തൽപദനഖേന്ദുദ്യുതിയെൻ സരണിയ്ക്കുള്ളോരിരുൾ
പോക്കിടാൻ നീയല്ലേതോഴീ സംഗതിയാക്കി?
സ്വാഗതമോതുകയുണ്ടായില്ല മമനാഥ, നതെൻ–
ഭാഗധേയക്കുറവെന്നേ ഞാൻ പറഞ്ഞിടൂ.
ആതിഥേയനെൻ ദൈവതമെന്നെയാദരിച്ചില്ലെന്ന
വേദനയുമില്ലനർഹയെന്നായീടാംഞാൻ
തൊട്ടുതൊട്ടില്ലെന്ന മട്ടിലെൻ പ്രഭുവിൻ സമീപത്തി–
ലൊട്ടുനേരം നില്ക്കുവാനായ് കൈവന്നഭാഗ്യം
എന്റേതല്ല നിന്റേതാണെന്നുള്ള സത്യംഞാനോതുമ്പോ–
ളെന്റെതോഴി, മാറിച്ചൊന്നും തോന്നരുതെന്നിൽ
ധന്യയായ് ഞാൻ; കണ്ടിതെന്റെ ചിരകാലപ്രാർത്ഥിതനെ
നിന്നിലൂടെസ്സഖി, നീയും ധന്യയാണിപ്പോൾ.

— * —

# സാഹിത്യവും സംസ്കാരവും

പ്രബന്ധമത്സരത്തിനു വരാവുന്നതു്. (H. S. Section)

നിലയററ സുഖാസുഖങ്ങളാകുന്ന അലയിൽ താണും ഉയന്നും ആർത്തനായിക്കഴിയുന്ന മനുഷ്യർ കാംക്ഷിക്കുന്നതു് സുഖസമ്പൂർണ്ണമായ ഒരു ജീവിതത്തെയാണു്. അതേ ഉദ്ദേശത്തെ മുൻനിർത്തിയും കൊണ്ടാണു് അവന്റെ അനുനിമിഷമുള്ള പദവിന്യാസം. അഥവാ സുഖദുഃഖസമ്മിശ്രമായ ഈ ലോകത്തിൽ സുഖാസ്വാദനേച്ഛാ പ്രേരിതനായി, പരിതഃസ്ഥിതികളുടെ ഘനമുയർത്തലിനേയും ചീററലിനേയും തൃണവൽഗണിച്ചുകൊണ്ടു് അനവരതം പ്രയാണം ചെയ്യുന്ന ഒരു പുരോഗമനജീവിയായി മനുഷ്യനെ നിർവ്വചിയ്ക്കുന്നതിൽ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ എല്ലായ്പോഴും അദ്ധ്വാനനിരതനായി—ക്ലേശചിത്തനായി—ജീവിതത്തെ ഉന്തിനീക്കുക എന്നതു് അനാശാസ്യവും അനഭിലഷണീയവുമാണു്. ഈ അനാശാസ്യതയിൽനിന്നു് വിമുക്തമായി മനസ്സിന്നു് ആഹ്ലാദവും ആത്മാവിന്നു ഉണർവും നല്കത്തക്കവിധത്തിൽ വിശ്രമവേളകളെ ചിലവഴിക്കാൻ മനുഷ്യർ "കലകൾ" ഉപയോഗിച്ചുവരുന്നു.

സംഗീതസാഹിത്യാദി ലളിതകലകളിൽ മനുഷ്യജീവിതത്തെ കൂടുതൽ സ്പർശിയ്ക്കുന്നതു് സാഹിത്യമാണു്. സംഗീതം കർണ്ണങ്ങളിൽ പ്രവേശിച്ചു് മണലിൽ പതിച്ച വെള്ളംപോലെ അവിടെത്തന്നെ ലയിച്ചുപോകുന്നു. എന്നാൽ സാഹിത്യമാകട്ടെ ഹൃദയത്തിന്റെ അഗാധതയിലേയ്ക്കിറങ്ങിച്ചെന്നു് മനസ്സിനെ ആനന്ദനിമഗ്നമാക്കുന്നു. തന്നിമിത്തമാണു് അതിന്നു മനുഷ്യജീവിതത്തോടു അഥവാ സംസ്കാരത്തോടു് എത്രയും സമീപനില കൈക്കൊള്ളാൻ കഴിഞ്ഞതു്.

സാഹിത്യം ജീവിതത്തിന്റെ ഒരവിഭാജ്യഘടകമാണു്.

ക്ഷിതിയിലഹഹ! മർത്ത്യജീവിതം
പ്രതിജനഭിന്നവിചിത്രമാർഗ്ഗമാം
പ്രതിനവരസമാമതോർക്കുകിൽ
കൃതികൾ മനുഷ്യകഥാനുഗായികൾ

എന്നുള്ള ആശാന്റെ വരികൾ ഇവിടെ പ്രത്യേകം സ്മരണീയമാണു്. സാഹിത്യത്തെ പലരും പലവിധത്തിൽ നിർവ്വചിക്കുന്നുണ്ടെങ്കിലും അതിന്നു് ശരിയായ ഒരു നിർവ്വചനം നൽകാൻ പ്രയാസമാണു്. ജീവിതത്തിന്റെ പ്രതിബിംബമത്രെ സാഹിത്യം. അതു് നമ്മുടെ—മനുഷ്യരുടെ—സംസ്കാരസമ്പത്താണു്.

ആധുനികലോകത്തിൽ അധിവസിക്കുന്ന ജനങ്ങളുടെ അനഘമായ സമയത്തിന്റെ ഒരു പ്രധാനഭാഗം കരസ്ഥമാക്കിയിരിക്കയാണ് പത്രങ്ങളും, മാസികകളും, മററനേകം സാഹിത്യഗ്രന്ഥങ്ങളും. ഇതിൽനിന്നുതന്നെ അതിന് നമ്മിലുള്ള സ്വാധീനശക്തി ഏതാണ്ടൂഹിക്കാവുന്നതാണല്ലോ. ഒരേസമയത്തുതന്നെ വിനോദവും വിജ്ഞാനവും നല്കി നമ്മെ ആത്മസംതൃപ്തരാക്കാൻ സാഹിത്യത്തിന്നുള്ള കഴിവ് അളവററതാണ്. നിരാശനിമഗ്നമായ മനസ്സിന്ന് സാഹിത്യം ആശയുടെ കുളിർതണ്ണീരൊഴിച്ചുകൊടുക്കുന്നു. ചില അവസരങ്ങളിൽ അതു കരയിപ്പിക്കുന്നുവെങ്കിൽ മററു ചില അവസരങ്ങളിൽ അതു പൊട്ടിച്ചിരിപ്പിക്കുന്നു. വാത്സല്യനിധിയായ ഒരു മാതാവിനെപ്പോലെ അതു നമുക്കു ജീവിതപാഠങ്ങൾ ഉപദേശിച്ചുതരുന്നു. എത്രയും സാങ്കേതികത്വവും കലാവൈദഗ്ധ്യവും തികഞ്ഞ ചിത്രങ്ങൾപോലും കാലത്തിന്റെ കരങ്ങൾക്കിടയിൽക്കിടന്നു ഞെരുങ്ങി നശിച്ചുപോയെന്നു വന്നേയ്ക്കാം. എന്നാൽ സാഹിത്യമാകട്ടെ മൃത്യുവിന്റെ താക്കോൽകൊണ്ട് തുറക്കാത്തിടത്താണ് അധിവസിക്കുന്നത്. സാഹിത്യത്തിന്റെ അത്ഭുതശക്തിമൂലം എത്രയും നിശിതങ്ങളായ ഖഡ്ഗങ്ങളുടെ വായ്ത്തലകൾപോലും സ്വയം മടങ്ങിപ്പോകുന്നു.

ഒരു രാജ്യത്തിന്റെ സാംസ്കാരികമായ അഭിവൃദ്ധി ആ രാജ്യത്തുള്ള സാഹിത്യകാരന്മാരുടെ കഴിവിനെ ആശ്രയിച്ചിരിക്കും. അതുകൊണ്ടാണ് "രാഷ്ട്രങ്ങളെ നിർമ്മിക്കുന്നത് യഥാർത്ഥത്തിൽ രാഷ്ട്രീയപ്രവർത്തകന്മാരല്ല; കലാകാരന്മാരും തത്വചിന്തകന്മാരും ആകുന്നു" എന്നു ഡോ. ആനന്ദകുമാരസ്വാമി പറഞ്ഞിരിക്കുന്നത്. അതായത് സാഹിത്യം നമ്മുടെ സംസ്കാരത്തിന്റെ നെടുംതൂണാണ്. സാംസ്കാരികമായും സാമൂഹ്യമായും ജനത അധഃപതിക്കുമ്പോൾ സാഹിത്യകാരന്മാർ തങ്ങളുടെ തൂലികകളാൽ ആ മികവുകളെ നികത്തുന്നു. നമ്മുടെ സംസ്കാരം പാശ്ചാത്യസംസ്കാരത്താൽ ഗ്രസിക്കപ്പെട്ട കാലത്ത് രാഷ്ട്രീയപ്രവർത്തകരോടൊപ്പംതന്നെ എന്നാൽ അവരേക്കാൾ കൂടുതലും ഊർജ്ജസ്വലവുമായി പ്രവർത്തിച്ചുപോന്നത് ഇവിടത്തെ സാഹിത്യകാരന്മാരായിരുന്നു. ഉദാഹരണമായി ഉള്ളൂരിന്റെ നാലുവരികൾ ചുവടെ ചേർക്കുന്നു.

എച്ചിലിലയ്ക്കുകടിപിടികൂട്ടിപ്പ
പശ്ചിമഭൌതികശാസ്ത്രബോധം

അപ്പൊട്ടമിന്നാമിനുങ്ങൊളിയ്ക്കില്ലാത്ത
തീപ്പെട്ടിക്കോലിൻ വെളിച്ചംപോലും.

നൂററാണ്ടുകളുടെ തിരശ്ശീലയ്ക്കുടിയിൽ മറഞ്ഞുകിടക്കുന്ന നമ്മുടെ വിശ്വോത്തരമായ ഭാരതീയ സംസ്കാരത്തെ സ്വീകരിക്കുവാൻ നമുക്ക് സദാ ആശയും ആവേശവും നൽകിക്കൊണ്ടിരിക്കുന്നത് കാളിദാസപ്രഭൃതികളായ മഹാകവികളുടെ കാലദേശാതിവർത്തികളായ കാവ്യചിത്രങ്ങളല്ലാതെ മറെറന്താണ്? എഴുത്തച്ഛൻ കേരളീയരെ ഭക്തിമാർഗ്ഗത്തിലൂടെ സദാചാരത്തിലേ

# മാതൃകാദ്ധ്യാപകൻ

Fr. HAROLD, T. O. C. D. MALPAN.
(G. T. I. B. Section)

ഈശ്വരവിശ്വാസവും തൽഫലമായ സന്മാർഗ്ഗബോധവും അടിക്കടി കുറഞ്ഞും സത്യം, നീതി, സ്നേഹം, സദാചാരങ്ങൾ എന്നിവ മാനവവംശത്തിന്റെ വ്യാപാരമണ്ഡലത്തിൽനിന്നു് തിരോധാനം ചെയ്തുംകൊണ്ടിരിക്കുന്നതിന്റെ ഫലമായി അസ്വസ്ഥതയും അസമാധാനവും പുലരുന്ന ഒരു കാലഘട്ടത്തിൽ ജീവിക്കുന്ന അദ്ധ്യാപകരായ നാമാണു് വഴിപിഴച്ച ലോകത്തിനു് നാളെ മാർഗ്ഗനിർദ്ദേശം ചെയ്യാനുള്ള പൌരസഞ്ചയത്തെ ഇന്നത്തെ വിദ്യാലയങ്ങളിൽ സൃഷ്ടിക്കേണ്ടതു്. ശ്രേഷ്ഠമായ നമ്മുടെ ഉദ്യോഗത്തിനനുഗുണമായ കടമകൾ ഗ്രഹിച്ചും, സ്വഭാവവൈശിഷ്ട്യം സമ്പാദിച്ചും മാതൃകാദ്ധ്യാപകന്മാരായി രംഗപ്രവേശം ചെയ്യുവാൻ ലോകം നമ്മെ ആഹ്വാനം ചെയ്യുന്നു.

പണ്ഡിതന്മാർ വിദ്യാഭ്യാസത്തെപ്പററി നൽകിയിട്ടുള്ള നിർവ്വചനങ്ങളെല്ലാം സസൂക്ഷ്മം പരിശോധിക്കുന്നതായാൽ വിദ്യാർത്ഥിയുടെ ആത്മീയവും ശാരീരികവുമായ ശക്തികളെ വികസിപ്പിച്ച് പരിപൂർണ്ണമനുഷ്യനാക്കി, പരിതസ്ഥിതികളുമായി ഇണക്കി സൌഭാഗ്യകരമായി ഇഹത്തിലും പരത്തിലും ജീവിക്കുന്നതിന്നു് തയ്യാറാക്കുകയാണു് വിദ്യാഭ്യാസമെന്നു് മനസ്സിലാക്കാം.

ഇതിൽനിന്നും അദ്ധ്യാപകന്റെ സ്ഥാനമാഹാത്മ്യം നിരുപമമാണെന്നു് ഗ്രഹിക്കാം. ഉന്നതമായ അദ്ദേഹത്തിന്റെ സ്ഥാനത്തിനനുയോജ്യമായ കട

---

ഷ്ടയത്തി. കുഞ്ചൻനമ്പ്യാർ അന്ധവിശ്വാസവും ജാതിജടിലവുമായ കേരളത്തെ ചിരിയിൽ കളിപ്പിച്ചു സംസ്കരിച്ചു.

പരിവർത്തനോന്മുഖമായ ആധുനികകാലഘട്ടത്തിൽ ആശാൻ ജനങ്ങൾക്കു് നൽകുന്ന ഒരു ഉദ്ബോധനത്തിന്റെ ആശയത്തെ ഉദ്ധരിച്ചുകൊണ്ടു ഈ ലേഖനം പര്യവസാനിച്ചുകൊള്ളുന്നു. കാലമെല്ലാം വൈകിപ്പോയി. ആചാരനൂലുകൾക്കെല്ലാം പഴക്കം സംഭവിച്ചു. കെട്ടിനിർത്താൻ കഴിയാതെ ദുർബ്ബലങ്ങളായിത്തീർന്ന ചരടിൽ ജനങ്ങൾക്ക നിൽക്കവയ്യ. ജീവിതാചാരങ്ങളെയെല്ലാം ക്ഷണം മാററുവിൻ. അല്ലെങ്കിൽ അതു നിങ്ങളെത്തന്നെ മാററും." നമ്മുടെ സംസ്കാരത്തെ കൂടുതൽ പവിത്രീകരിക്കുന്ന സാഹിത്യഗ്രന്ഥങ്ങൾ ഭാഷയിൽ അഭിവൃദ്ധിപ്പെട്ടുവരട്ടെ!!

o — o

മകളും നിസ്സീമങ്ങളാണ്. അദ്ദേഹം സൽഗുണസമ്പന്നനും വിജ്ഞാനഭണ്ഡാഗാരവുമായിരിക്കണം.

വിദ്യാർത്ഥികളുടെ സ്വഭാവരൂപവൽക്കരണത്തിൽ അദ്വിതീയ സ്ഥാനമാണ് അദ്ധ്യാപകനുള്ളതു്. അദ്ദേഹം വിദ്യാർത്ഥികളിൽ ചെലുത്തുന്ന സ്വാധീനത ലോകസംസ്കാരത്തിന്നായി യുഗാന്തരങ്ങളിലേക്ക് കൂടേയും വ്യാപിക്കുന്നു. Nemo dat quod non habet. "തനിക്കില്ലാത്തതിനെ ആരും പ്രദാനം ചെയ്യുന്നില്ല." വിദ്യാർത്ഥികളുടെ സ്വഭാവത്തെ രൂപവൽക്കരിക്കേണ്ട അദ്ധ്യാപകൻ സകല സൽഗുണങ്ങളിലും സമ്പന്നനായിരിക്കണം. ജീവൽപ്രശ്നങ്ങളെപ്പററിയുള്ള വീക്ഷണഗതികൾ വിദ്യാർത്ഥികൾ ഗ്രഹിക്കുന്നതു് അവയെപ്പററിയുള്ള അദ്ധ്യാപകന്റെ മനോഭാവത്തിൽനിന്നാണ്. പ്രഫസർ ടി. പി. നണ്ണിന്റെ അഭിപ്രായം ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നു:— The Teacher can no more prevent himself from acting on his pupils by suggestion, imitation, sympathy, or otherwise, than he can make himself invisible as he perambulates the class-room" ഈ വസ്തുത നിസ്തർക്കമെങ്കിൽ അദ്ധ്യാപകന്റെ ജീവിത തത്വശാസ്ത്രത്തിനു വിദ്യാർത്ഥിയുടെ ജീവിതത്തിന്മേൽ അനല്പമായ ബാധ്യതയുണ്ടെന്നു് സമ്മതിക്കാതെ തരമില്ല.

അദ്ധ്യാപകൻ പഠിപ്പിക്കുന്ന വിഷയം ഏതുതന്നെ ആയിരുന്നാലും അദ്ദേഹത്തിന്റെ പൊതുവായ മനോഗതം അദ്ദേഹത്തിന്റെ ശ്രോതാക്കളിൽ പ്രതിഫലിക്കുന്നുണ്ടു്. അദ്ധ്യാപകൻ വിജ്ഞാനം നിവേദനം ചെയ്യുക മാത്രമല്ല ചെയ്യുന്നതു്, പിന്നെയോ, മനുഷ്യജീവിതത്തിന്റെ പ്രായോഗിക രംഗത്തിൽ ആ വിഷയത്തിനു് എത്രകണ്ടു് ജീവിതലക്ഷ്യവുമായി പൊരുത്തമുണ്ടു് എന്ന സംഗതി അദ്ദേഹം വിശദീകരിക്കുകയും സാധാരണമാണ്. ജീവൽപ്രശ്നങ്ങളെ ഓരോ വിദ്യാർത്ഥിയും ഭാവിയിൽ നേരിടുന്നവിധം സാമാന്യേന അദ്ധ്യാപകൻ നൽകുന്ന പ്രചോദനത്തെ ആസ്പദീകരിച്ചിരിക്കും. ആധുനികലോകത്തിലെ സാമൂഹ്യവും, സാമ്പത്തികവും, മതപരവും, സാന്മാർഗ്ഗികവും ആയുള്ള പരിതഃസ്ഥിതികളെ അദ്ധ്യാപകൻ സമ്യക്കായി ഗ്രഹിച്ചിരിക്കണം. എന്നാൽ മാത്രമേ വിദ്യാർത്ഥി ദർശിക്കുന്ന അധുനാതനലോകത്തെ അവന്റെ കഴിവനുസരിച്ചു മേൽത്തരമായ ഒരു സ്ഥിതിയിൽ ആക്കിത്തീർത്തുകൊണ്ടു് അതിൽനിന്നു് തിരോധാനം ചെയ്യാനുള്ള പ്രാപ്തി അവനിൽ നിക്ഷേപിക്കുന്നതിനു് അദ്ധ്യാപകനു സാധ്യമാകയുള്ളു.

സാമൂഹ്യപുനസ്സംവിധാനം ഇന്നു സാധിക്കണമെങ്കിൽ അദ്ധ്യാപകൻ നിർമ്മലമായ ഒരു ജീവിതചര്യ സ്വായത്തമാക്കി തനിക്കേല്പിക്കപ്പെട്ടിരിക്കുന്ന വിദ്യാർത്ഥിസമൂഹത്തെ ആ വഴിയെ നയിക്കണം.

## അദ്ധ്യാപകന്റെ വ്യക്തിമാഹാത്മ്യം

വിദ്യാഭ്യാസസരണി അദ്ധ്യാപകന്റെ വ്യക്തിമാഹാത്മ്യം (Personality) എന്ന ചുഴിയാണിമേൽ (Pivot) കറങ്ങിക്കൊണ്ടിരിക്കുകയാണ്.

ഈ വ്യക്തിമാഹാത്മ്യം എന്താണെന്നു നിർവ്വചിക്കപ്പെടുക അത്ര എളുപ്പമല്ല. വിദ്യാഭ്യാസധുരന്ധരന്മാർ അദ്ധ്യാപകന്റെ വ്യക്തിമാഹാത്മ്യം എന്തിൽ സ്ഥിതിചെയ്യുന്നുവെന്നു വിശദീകരിക്കാൻ നിസ്തുലശ്രമം നടത്തിയിട്ടുണ്ട്. 1913-ൽ അമേരിക്കൻ ഐക്യനാടുകളിൽ ഡോക്ടർ എഫ്. എൽ. ക്ലാപ്പിന്റെ നേതൃത്വത്തിൽ ഈ വിഷയത്തെപ്പററി ഒരു ഗവേഷണപഠനം (Pioneer Study) നടത്തിയതിന്റെ ഫലമായിട്ടു അദ്ധ്യാപകന്റെ വ്യക്തിമാഹാത്മ്യഘടകങ്ങളായി പത്തു സ്വഭാവഗുണങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു് താഴെ ഉദ്ധരിക്കുന്നു. അവ ഏററവും ശ്രദ്ധേയങ്ങളാണ്:—പ്രഭാഷണപടുത്വം (Address), വ്യക്തിപരമായ ശരീരസുഭഗത (Personal appe-arance), ശുഭാപ്തിവിശ്വാസം (Optimism), മനോഗുപ്തി (Reserve), ഉത്സാഹം (Enthusiasm), നിർമ്മലമാനസം (Fairnes of mind), ആത്മാർത്ഥത (Sincerity), സഹതാപം (Sympathy), ചേതനത്വം (Vitality), പാണ്ഡിത്യം (Scholarship).

വ്യക്തിമാഹാത്മ്യഗുണങ്ങളെപ്പററി പരിചിന്തനം നടത്തിയ ബാഗ്ലി (Bagly), കെയ്ത്തു് (Keith) എന്ന മഹാന്മാർ മേല്പറഞ്ഞ ഗുണങ്ങളോടു കൂടി നൈപുണ്യം അഥവാ നയം (Tact) എന്ന സ്വരമാധുരി (Good voice) നേതൃത്വത്തിനുള്ള കഴിവ് എന്നി ഗുണങ്ങളേക്കൂടി പരിഗണിക്കുന്നുണ്ടു്. പ്രൊഫസർ സീയേഴ്സ് ഭാഷാനൈപുണ്യവും വ്യക്തിമാഹാത്മ്യത്തിന്നു് ആവശ്യഘടകമായി കരുതുന്നു.

വിദ്യാർത്ഥികളുടെ അഭിപ്രായംകൂടി ആരാഞ്ഞുകൊണ്ടു പ്രഫസർ ബോസിങ്ങ് (Bossing) തയാറാക്കിയ സ്വഭാവഗുണങ്ങളുടെ പട്ടികയിൽ രസികത്വും (Sense of humour) വിദ്യാർത്ഥികളോടുള്ള സൌഹാർദ്ദവും (Friend-liness towards Pupils) കൂടി കൊള്ളിച്ചു കാണുന്നുണ്ടു്. പണ്ഡിതനായ ഡാക്ടർ ബെല്ലാർഡിനു് ഈ വിഷയത്തേക്കുറിച്ചു് സംയോഗാത്മകമായ ഒരു വീക്ഷണഗതിയാണുള്ളതു്. മനുഷ്യന്റെ വ്യക്തിമാഹാത്മ്യം ശരീരത്തോടു് എന്നതിനേക്കാൾ ആത്മാവിനോടാണ് അദ്ദേഹം ഏകീകരിക്കുന്നതു്. വ്യക്തിപ്രകർഷം ബുദ്ധിയോടെന്നതിനേക്കാൾ സഹജഗുണങ്ങളോടും, ബാഹ്യമായിക്കാണുന്ന ആകപ്പാടെയുള്ള ഗുണങ്ങളേക്കാൾ അതിസൂക്ഷ്മവും അസ്പൃശ്യവുമായ ഭാവങ്ങളോടും നിബദ്ധമാണെന്നു് അദ്ദേഹം സമർത്ഥിക്കുന്നു.

പ്രഫസർ റെയിമണ്ടിന്റെ വിഭാവനയും പൊതുവായ ഒരു വീക്ഷണകോണത്തിലൂടെയാണ്. അദ്ദേഹം പറയുന്നതു് അദ്ധ്യാപകൻ സകല സുകൃതങ്ങളുടേയും സമാഹാരമായിരിക്കണമെന്നാണു്. അതിരില്ലാത്ത ക്ഷമയും, അപ്രമാദമായ നീതിബോധവും, അചഞ്ചലമായ ചിത്തസമതയും അദ്ദേഹത്തിന്നുണ്ടായിരിക്കണം. വൈരം നിസ്സാരമായവയിൽനിന്നും, ഹീനമായവയിൽനിന്നും, അദ്ധ്യാപകൻ ഒഴിഞ്ഞിരിക്കണം.

സർവ്വവിശിഷ്ടഗുണങ്ങളാലും അദ്ധ്യാപകൻ സമലംകൃതനായിരിക്കേണ്ടതു് അഭികാമ്യംതന്നെ. എന്നാൽ പരിപൂർണ്ണമായി ഇതു സാദ്ധ്യമല്ലെങ്കിലും ഉദ്യോഗത്തിന്റെ ഔന്നത്യത്തിനനുഗുണമായ ഒരാദർശം സ്വായത്തമാക്കാൻ അദ്ദേഹം കടപ്പെട്ടിരിക്കുന്നു എന്നതിൽ പക്ഷാന്തരമില്ല. ഉന്നതങ്ങളായ ആദർശങ്ങൾ ഉപദേശിച്ചതുകൊണ്ടു മാത്രമായില്ല. അവയ്ക്കു ഉപോൽബലകമാകത്തക്കവണ്ണം അദ്ദേഹം ജീവിക്കുകയും വേണം. Verba Sonant, sed exempla movent. "വാക്കുകൾ സാരം കേൾപ്പിക്കുന്നു. എന്നാൽ മാതൃക ഇളക്കുന്നു" ഒരുവന്റെ പ്രവൃത്തിയാൽ പിൻതാങ്ങപ്പെടാത്ത വാക്കുകളുടെ ആത്മാർത്ഥത ചോദ്യംചെയ്യപ്പെടാതിരിക്കയില്ല.

അദ്ധ്യാപകനെ പരാജയപ്പെടുത്തുന്ന ചില വൈകല്യങ്ങളേയും ഇത്തരുണത്തിലു അംഗുലിനിർദ്ദേശം ചെയ്യേണ്ടതുണ്ടു്. ക്രൂരമായ വിധത്തിൽ വിദ്യാർത്ഥികളെ മർദ്ദിക്കുന്നതും, അസഭ്യമായ പദങ്ങൾ പ്രയോഗിക്കുന്നതും, അദ്ദേഹത്തിന്റെ ഔദ്യോഗികപരാജയത്തിന്നു് നിദാനമായിത്തീരുന്നു. മനുഷ്യത്വത്തിന്റെ അഭാവമാണു് ഈ ഘട്ടങ്ങളിൽ അദ്ദേഹം പ്രകടിപ്പിക്കുന്നതു്. വിദ്യാർത്ഥികളോടു് യാതൊരു കരുണയുമില്ലാതെ എപ്പോഴും കർക്കശമായും ശുണ്ഠിയോടുകൂടിയും കഴിഞ്ഞുകൂടിയും കഴിഞ്ഞുകൂടുന്ന അദ്ധ്യാപകനെ കുട്ടികൾ ആത്മനാ വെറുക്കുന്നു. അദ്ദേഹത്തിന്റെ അസംസ്കൃതമായ പെരുമാററംമൂലം സംജാതമാകുന്ന, അദ്ദേഹത്തോടുള്ള വ്യക്തിപരമായ വിദ്വേഷവും വെറുപ്പും, അദ്ദേഹം പഠിപ്പിക്കുന്ന വിഷയത്തോടും വെറുപ്പുണ്ടാകുന്നതിന്നു് ഇടയാക്കുന്നു.

കുട്ടികൾ വിവിധസ്വഭാവക്കാരാണെന്നു് അദ്ധ്യാപകൻ മനസ്സിലാക്കണം. ഈ അറിവനുസരിച്ചു് അവരോടു് പെരുമാറുകയും വേണം. അദ്ധ്യാപകന്റെ അനാര്യമായ പെരുമാററംമൂലം ചപലേന്ദ്രിയപ്രകൃതിക്കാരായ (Sensitive) കുട്ടികൾ നിരാശരാകുകയും പഠനത്തിലുള്ള അവരുടെ ജാഗ്രത മന്ദീഭവിക്കുകയും ചെയ്യും. ഇപ്രകാരമുള്ള പെരുമാററത്തിന്നു് പ്രതിവിധിയായി അദ്ധ്യാപകനു് വേണ്ടതായ സുശീലത (Breeding) യെപററി വിദ്യാഭ്യാസവിചക്ഷണനായ ലോക്കു് പ്രസ്താവിക്കുന്നതു് പ്രത്യേകം സ്മർത്തവ്യമാണു്. അദ്ദേഹം പറയുന്നു:—"Breeding is that which sets a gloos upon all other qualities and renders them useful in procuring the esteem and good will of all" ഈ സുശീലത അദ്ധ്യാപകന്റെ നാഗരികവും (Polite) ദാക്ഷിണ്യവുമായ (Courteous) പെരുമാററത്തെ ഉപലക്ഷിക്കുന്നുണ്ടു് വിനീതവും സ്നേഹസമൃദ്ധവുമായ അദ്ദേഹത്തിന്റെ പെരുമാററം മൂലം അദ്ദേഹത്തിന്റെ സംപൂജ്യതക്കു് യാതൊരു കോട്ടവും നേരിടുവാൻ പോകുന്നില്ല. പ്രസ്തുത അദ്ധ്യേതാക്കൾക്കു് അദ്ദേഹത്തോടുള്ള ബഹുമാനവും മതിപ്പും ശതഗുണീഭവിക്കയേ ചെയ്യുന്നുള്ളു.

സത്യസന്ധനും, നിഷ്കപടനും, ആത്മാർത്ഥതയുള്ളവനും, കൃത്യനിഷ്ഠയുള്ളവനുമായ വ്യക്തിയിൽ സകലരും മനോവിശ്വാസം അർപ്പിക്കുകയും അ

ദ്ദേഹത്തെ എല്ലാവരും ബഹുമാനിക്കുകയും ചെയ്യുന്നു. ഏവംവിധം സദ്ഗുണങ്ങളാൽ പരിപുഷ്ടനായ ഒരദ്ധ്യാപകന് നന്മ ചെയ്യുന്നതിന്നുള്ള കഴിവ് നിസ്തുല്യമാണ്. വേണ്ടവിധം പാഠങ്ങൾ ഒരുക്കുക, കൃത്യസമയത്ത് സ്കൂളിൽ ഹാജരാകുക, തന്റെ ജോലി ആത്മാർത്ഥമായി നിർവ്വഹിക്കുക, ക്ലാസ്സിൽ ശിക്ഷണം പുലർത്തുക, പക്ഷപാതം കൂടാതെ എല്ലാം കുട്ടികളേയും ഒരുപോലെ സ്നേഹിക്കുക, അവക്ക് പഠനത്തിന്നുവേണ്ട പ്രോത്സാഹനം കൊടുക്കുക കുട്ടികളുടെ വിഷമങ്ങളെ യഥാർത്ഥത്തിൽ ഗ്രഹിച്ച് അതിന്നുള്ള കാരണങ്ങൾ നീക്കംചെയ്യുക, ദുസ്വഭാവക്കാരെ ശാസിക്കുകയും മിതമായി ശിക്ഷിക്കുകയും ചെയ്യുക, ബലഹീനരോടും ബുദ്ധികുറഞ്ഞവരോടും ദയാപൂർവ്വം വർത്തിക്കുക, ഇങ്ങനെയെല്ലാം വിവേകത്തോടും നയത്തോടുംകൂടി പ്രവർത്തിക്കുന്ന ഒരു മാതൃകാദ്ധ്യാപകൻ തന്റെ പ്രേമഭാജനങ്ങളായ വിദ്യാർത്ഥികളുടെ കണ്ണിലുണ്ണിയായിത്തീരുകയും അവരുടെ വിദ്യാഭിവൃദ്ധിക്കും സ്വഭാവസംസ്കരണത്തിന്നും ഒരു നാഴികക്കല്ലായി വിജയിക്കുകയും ചെയ്യുമെന്നതിൽ തെല്ലും സംശയമില്ല.

അദ്ധ്യാപകന്റെ വിജ്ഞാനത്തേയും അദ്ധ്യാപനത്തേയും സഹാദ്ധ്യാപകന്മാരോടുള്ള സ്നേഹസമ്പർക്കത്തേയുംപററി ഈ ലേഖനത്തിന്റെ പൂർണ്ണതക്ക് അല്പം പ്രസ്താവിക്കേണ്ടതുണ്ട്. അദ്ധ്യാപകൻ താൻ പഠിപ്പിക്കുന്ന വിഷയത്തെപ്പററി വിപുലമായ ജ്ഞാനം ആർജ്ജിച്ചിരിക്കണം. അദ്ദേഹം ചരത്തായ ഒരു ജ്ഞാനകോശം(Moving encyclopedia) തന്നെ ആയിരിക്കണം.. എന്നും പുരോഗമിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസരംഗത്തു പണിയെടുക്കുന്ന അദ്ധ്യാപകൻ എന്നും ആധുനികനായിരിക്കണമെങ്കിൽ അധുനാതനങ്ങളായ അറിവുകൾ സമ്പാദിച്ചുകൊണ്ടിരിക്കണം തൽകാര്യത്തിനു വായനയിലുള്ള അഭിരുചി അത്യാവശ്യമാണ്. നലംതികഞ്ഞ വിദ്യാഭ്യാസപ്രവർത്തകനായ Everett Dean Martin ന്റെ പ്രസ്താവം ഇക്കാര്യത്തിൽ ഉത്തേജനം നല്കുന്നു. അദ്ദേഹം പറയുന്നു. "In order to be a good teacher one must also be a good student."

സ്കൂളിൽ പഠിപ്പിക്കപ്പെടുന്ന ഓരോ വിഷയവും അദ്ധ്യാപനത്തിൽ വ്യതിരിക്തമായിരിക്കരുത്. എല്ലാ വിഷയങ്ങളും സംയോജിപ്പിച്ച വിദ്യാർത്ഥിക്കു ഒരു പരിപൂർണ്ണവികസനം കൊടുക്കുന്നതിന്നു അദ്ധാപകൻ ശ്രദ്ധിക്കേണ്ടതാണ്. ജീവിതത്തെ ഏതെങ്കിലും വിധത്തിൽ ബാധിക്കത്തക്കവണ്ണമുള്ള അറിവു വിദ്യാർത്ഥിയുടെ മുന്നറിവിനോടു ഘടിപ്പിച്ചും, പ്രായോഗികമാകത്തക്കവിധത്തിലും നൽകിയാൽ മാത്രമേ വിദ്യാഭ്യാസംകൊണ്ടു ശാശ്വതമായ ഫലം സിദ്ധിക്കുകയുള്ളു.

അദ്ധ്യാപനസാമർത്ഥ്യം സഹജമാണ്, അല്ലാതെ ആർജ്ജിതമല്ല എന്നു വാദിക്കുന്നവരുമുണ്ട്. "Teacher is born and made" ഏതായാലും ജ്ഞാ

ദം സമ്പാദിക്കുന്നതും പ്രദാനം ചെയ്യുന്നതും വ്യത്യസ്തകോടിയിലൂടെയുള്ള കർമ്മക്ഷമതകളാണ്. സഹജമായ പ്രാപ്തിയുടെ അഭാവത്തിൽ പരീക്ഷണനിരീക്ഷണങ്ങളുടെ ഫലമായി വിദ്യാഭ്യാസരംഗത്തു് ആവിഷ്കരിക്കപ്പെട്ടിട്ടുള്ള ഫലപ്രദങ്ങളായ രീതികളും മാർഗ്ഗങ്ങളും അദ്ധ്യാപകൻ ഔചിത്യപൂർവ്വം ഉപയോഗപ്പെടുത്തി തന്റെ വേലയെ സഫലമാക്കാൻ ശ്രമിക്കേണ്ടതാണ്.

ശിശുമനഃശാസ്ത്രതത്വങ്ങളെ ആസ്പദമാക്കി കുട്ടികളുടെ മാനസികവളർച്ചയ്ക്കും താല്പര്യത്തിന്നും വാസനകൾക്കും അനുയോജ്യമായ രീതിയിൽ പഠിപ്പിച്ച് വിദ്യാർത്ഥികളുടെ പഠനാസക്തി പുലർത്തിക്കൊണ്ടു പോകുവാൻ അദ്ധ്യാപനപരിശീലനം സിദ്ധിച്ചവരായ നമുക്കു് നിഷ്പ്രയാസം സാധിക്കും.

പാഠപദ്ധതിക്കപ്പുറമായ പ്രവർത്തനങ്ങളിലും അദ്ധ്യാപകൻ മേൽനോട്ടം വഹിക്കണം. The play ground is an open school എന്ന തത്വം അദ്ദേഹം വിസ്മരിയ്ക്കരുതു്. കളികളിൽ കുട്ടികളോടുകൂടി അദ്ധ്യാപകനും പങ്കെടുക്കുന്നതു് തന്റെ സംപൂജ്യസ്ഥാനത്തിനു് അനർഹമായി പരിഗണിച്ചുകൂടാ. കുട്ടികളെ ശരിയായി മനസ്സിലാക്കുന്നതിനും തെറ്റുകളെ തിരുത്തി, സ്വഭാവസംസ്കരണം സാധിക്കുന്നതിനും, ശ്രേഷ്ഠമായ ആദർശങ്ങളെ തന്റെ മാതൃക വഴി നിദർശനം ചെയ്യുന്നതിനും, The teacher is a guide philosopher and friend എന്ന അഭിജ്ഞമതം സാക്ഷാൽക്കരിക്കുന്നതിനും അദ്ധ്യാപകനു് ഇടയാകാതിരിക്കുകയില്ല.

അദ്ധ്യാപകന്മാർ പരസ്പരം സ്നേഹബന്ധത്തിൽ യോജിച്ചും പ്രധാനാദ്ധ്യാപകനോടു സഹകരിച്ചും തങ്ങളുടെ വിദ്യാലയത്തിന്റെ പൊതുവായ അഭിവൃദ്ധിക്കും ഉന്നമനത്തിനുമായി പരിശ്രമിക്കേണ്ടതാണു്. അധികാരപ്രമത്തതയിൽനിന്നു് പിൻവലിഞ്ഞു്, സ്നേഹമനോഭാവം പുലർത്തിക്കൊണ്ടു്, വിനീതനും ശാന്തശീലനും സൗമ്യനുമായി തന്റെ ഉദ്യോഗം ഒരു കർത്തവ്യമായിട്ടും കൂടുതൽ നന്മ സഹാദ്ധ്യാപകന്മാർക്കും അദ്ധ്യേതാക്കൾക്കും ചെയ്തുകൊടുക്കുന്നതിനു സദാ ജാഗരൂകനായിട്ടും വ്യാപരിക്കുന്നതായാൽ പ്രധാനാദ്ധ്യാപകൻ വിജയശ്രീലാളിതനായിത്തീരുമെന്നതു് തീർച്ചയാണു്. സൃഷ്ടിപരമായിട്ടല്ലാതെയുള്ള വിമർശനങ്ങളിൽനിന്നു് അദ്ദേഹം പ്രതിനിവർത്തണം.

അദ്ധ്യാപകന്റെ സാമ്പത്തികമായ ദുരവസ്ഥ അനതിവിദൂരമായ ഭാവിയിൽ പരിഹൃതമാകുമെന്നു് നമുക്കു പ്രതീക്ഷിക്കാം. പ്രിയസുഹൃത്തുക്കളേവരും വിദ്യാഭ്യാസമണ്ഡലത്തിൽ മാതൃകാദ്ധ്യാപികാദ്ധ്യാപകന്മാരായി നിതരാം പ്രശോഭിക്കട്ടെ! നിങ്ങൾക്കു് എന്റെ കൂപ്പുകൈ!

o — o

# പുസ്തകാഭിപ്രായം

*സ്വാമി രാമാനന്ദ സോവനീർ:*

സമാധിസ്ഥനായ സ്വാമി രാമാനന്ദന്റെ (കുക്കഞ്ചേരി) 67-ാമത്തെ ജന്മദിനവും ശ്രീനാരായണ ബോധാനന്ദ സ്കൂളുകളുടെ സംയുക്ത വാർഷികവും പ്രമാണിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് ഈ സോവനീർ. പല സോവനീർകളും ഞങ്ങൾക്ക് കിട്ടാറുണ്ട്. എന്നാൽ ഇത്രത്തോളം ആകർഷണീയവും, കൌതുകമേറിയതും, വിശിഷ്ടതരങ്ങളായ ലേഖനങ്ങളെക്കൊണ്ടലങ്കരിച്ചുള്ളമായ മറെറാരു സോവനീർ കണ്ടിട്ടില്ല. ഇതിൽ വല്ല കുററവും കണ്ടുപിടിക്കേണമെന്ന് ചുഴിഞ്ഞുനോക്കീട്ട് ഒന്നും കണ്ടുകിട്ടാത്തതിൽ ഞങ്ങൾക്ക് വലിയ നിരാശയാണുണ്ടായിട്ടുള്ളത്. പേരും പെരുമയുമാർജ്ജിച്ചിട്ടുള്ള ലേഖകന്മാരുടെ പ്രൌഢവും സരസവുമായ തൂലികത്തുമ്പിൽ നിന്ന് നിർഗ്ഗളിച്ച "സരസ്വതീ സരിത്ത്", സ്വാമികളുടെ നിർമ്മല ഹൃദയംപോലെ, ഈ സോവനീയരെ പരിശുദ്ധമാക്കിട്ടുണ്ട്.

സ്വാമികളുമായി ഞങ്ങൾക്ക് ഒരു വ്യാഴവട്ടക്കാലത്തിലേറെ അടുത്തു പെരുമാറുവാൻ ഭാഗ്യമുണ്ടായിട്ടുണ്ട്. ചുരുങ്ങിയത് മാസത്തിൽ ഒരു തവണയെങ്കിലും അദ്ദേഹവുമായി സമ്മേളിച്ച് ആശയവിനിമയം ചെയ്തുവന്നിരുന്നത്—ഹതവിധി!—1957 ജൂൺമാസത്തോടുകൂടി—അസ്തമിച്ചു. സ്വാമികൾ ജൂൺ 9-ാംനു- സമാധിയടഞ്ഞു.

തുഞ്ചത്തെഴുത്തച്ഛൻ മാസികം, അതിന്റെ ആരംഭംമുതൽക്കുതന്നെ, സ്വാമികൾ അത്യാദരപൂർവ്വം വായിച്ചാസ്വദിച്ചിരുന്നു; മാത്രമല്ല, ഞങ്ങൾ നടത്തുന്ന പ്രബന്ധമത്സരപ്പരീക്ഷകൾക്ക് ഗണ്യമായ ധനസഹായവും ചെയ്തിരുന്നു. സ്വാമികൾ ഒരു നല്ല വാസനാകവികൂടിയായിരുന്നു എന്ന് പക്ഷെ പലരും മനസ്സിലാക്കീട്ടുണ്ടാകയില്ല. മാസികത്തിൽ അദ്ദേഹത്തിന്റെ ചില കവിതകൾ പ്രസിദ്ധപ്പെടുത്തിയിരുന്നത് ആ കാലത്തുതന്നെ പണ്ഡിതലോകം കൊണ്ടാടീട്ടുണ്ട്. ഒടുവിലത്തെ "എന്റെ പ്രാർത്ഥന" എന്ന കവിത 1956 ഏപ്രിൽ മാസത്തിലാണ് എഴുതീട്ടുള്ളത്. അത് സ്വാമികളുടെ അവസാന കവിതയായിരിക്കണം. "അടുത്തവർഷം! ആരുകണ്ടു! ഞാൻ ഇരിക്കുമോ" എന്ന് പറഞ്ഞുകൊണ്ടാണ് അദ്ദേഹം അത് തന്നത്. "അരുളറിയ ചരണദ്വയമറിയാ പെരുമലസസ്ഥിതിയററവേ, വരമരുളീടുക കരുണാകരശരണം" എന്ന ആ പ്രാർത്ഥന ഫലിച്ചു! ഭഗവാൻ അദ്ദേഹത്തെ നിത്യമുക്തനാക്കി. അദ്ദേഹത്തിന്റെ വിയോഗം ഞങ്ങൾക്ക് ഒരു തീരാനഷ്ടമാണ്. പക്ഷെ ആ ചൈതന്യം ഞങ്ങൾക്ക് സഹായകമായിരിക്കുമെന്ന് സമാശ്വസിക്കുന്നു.

ഈ സോവനീർ പ്രസിദ്ധപ്പെടുത്തിയ സ്വാമികളുടെ പ്രിയശിഷ്യന്മാരായ കമ്മററി അംഗങ്ങളെ ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കുന്നു.